"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ബഡ്ജറ്റ് പ്രവൃത്തി- 2025-26 - മലപ്പുറം, തവനൂർ നിയോജകമണ്ഡലം തൃപ്പങ്ങോട് ഗ്രാമ പഞ്ചായത്ത് " **ആനയൊഴുക്ക് പാലം വാളമരുതൂർ റോഡ്**" എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി.)വകുപ്പ്**

സ.ഉ.(സാധാ) നം.582/2026/LSGD തീയതി,തിരുവനന്തപുരം, 05-03-2026

---

പരാമർശം:- 1) 04.08.2025-ലെ സ.ഉ.(സാധാ.)നം.6404/2025/ധന.

2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 1/1/2026 -ലെ LSGD/PD/38955/2025-EW1നമ്പർ കത്ത്.

ഉത്തരവ്

2025-26-ലെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II മരാമത്തുപണികളുടെ വിശദ വിവരങ്ങൾ വാല്യം II - ക്രമ നമ്പർ 1454 ആയി ഉൾപ്പെടുത്തി 3 കോടി രൂപ അടങ്കൽ തുകയും, 20% പ്രൊവിഷനും അനുവദിച്ച് പൊതുമരാമത്ത് വകുപ്പിനെ നിർവ്വഹണ വകുപ്പാക്കി ഉൾപ്പെടുത്തിയ "നരിപ്പറമ്പ് പോത്തന്നൂർ-പെരുമ്പറമ്പ് റോഡ് നവീകരണം" എന്ന പ്രവൃത്തിക്ക് പകരമായി, പരാമർശം (1) പ്രകാരം അനുവദിച്ച പ്രവൃത്തികളിൽ ഉൾപ്പെട്ടതും അടങ്കൽ തുക 1 കോടി രൂപയും, 20 ലക്ഷം രൂപ വകയിരുത്തിയ " **ആനയൊഴുക്ക് പാലം വാളമരുതൂർ റോഡ്**" എന്ന പ്രവൃത്തിക്കാവശ്യമായ 1 കോടിരൂപയുടെ വിശദമായ എസ്റ്റിമേറ്റിന്മേൽ ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശം (2) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം(1) പ്രകാരമുള്ള ഭേദഗതി ഉത്തരവ് പ്രകാരം ഉൾപ്പെടുത്തിയ പ്രവൃത്തികളിൽ ഒന്നായ **"ആനയൊഴുക്ക് പാലം വാളമരുതൂർ റോഡ്"** പ്രവൃത്തിക്ക് 100 ലക്ഷം രൂപയുടെ(നൂറ് ലക്ഷം രൂപ മാത്രം) ഭരണാനുമതി നൽകിയും, ടി പ്രവൃത്തിക്കാവശ്യമായ ചെലവ് "4515-00-800-92(NP)" എന്ന ശീർഷകത്തിൽ അഡിഷണൽ പ്രൊവിഷനിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്. (E:3421711/DEV-3/68/2026-Fin dated 28.02.2026) (AS/LGD/25/49468)

ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

ഇൻഫർമേഷൻ ഓഫീസർ വെബ് & ന്യൂ മീഡിയ വിംഗ്, ഐ.പി.ആർ.ഡി. തിരുവനന്തപുരം

കരുതൽ ഫയൽ. (DB2/124/2026-LSGD)

ഉത്തരവിൻ പ്രകാരം

Signed by

Smitha. L

Date: 05-03-2026 11:00:49

സെക്ഷൻ ഓഫീസർ